(ബി) ഏങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) ഉണ്ട്.

(ബി) തോട്ടണ്ടിയുടെ അനധികൃത വിൽപ്പനയും, കള്ളക്കടത്തും തടയുന്നതിനുവേണ്ടി സെയിൽസ് ടാക്സ് ഡിപ്പാർട്ട്മെന്റിന്റെയും, മോട്ടോർവെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെയും നിലവിലുള്ള ചെക്ക് പോസ്റ്റുകൾക്കു പുറമെ കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ 12 ചെക്ക് പോസ്റ്റുകളും, ഓരോ തഹസിൽദാർമാരുടെ മേൽനോട്ടത്തിൽ 25 മൊബൈൽ സ്കാഡുകളും, സെയിൽസ്ടാക്സ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ 14 ചെക്കുപോസ്റ്റുകളും, കശുവണ്ടി സീസൻകാലത്ത് ഏർപ്പെടുത്തി.

ജില്ലാതലത്തിലെ വിജിലൻസ് ഓപ്പറേഷന്റെ ചുമതല ജില്ലാ കളക്ടർക്ക് നൽകുകയും ജില്ലാ കളക്ടർ ചെയർമാനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുൾക്കൊള്ളുന്ന ഡിസ്ട്രിക്ട് കോ-ഓർഡിനേഷൻ കമ്മിറ്റി ഉണ്ടാക്കുകയും ചെയ്തു.

പ്രൈമറി കയർ സഹകരണസംഘങ്ങൾക്ക് റാട്ട് വാങ്ങാനനുവദിച്ച സംഖ്യ

* 227 [363] ശ്രീ. കെ. ഇ. ഇസ്മയിൽ:
,, വി. കെ. രാജൻ:
,, പി. കുമാരൻ:
ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കാനം രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി കയർ സഹകരണ സംഘങ്ങൾക്ക് റാട്ടും മറ്റും വാങ്ങുന്നതിനായി അനുവദിച്ച സംഖ്യ വിനിയോഗിക്കുവാൻ അനുവാദം നൽകുന്നില്ലെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഉപകരണങ്ങൾക്കായി അനുവദിച്ച സംഖ്യയിൽ വിനിയോഗിക്കാതെ കിടക്കുന്ന സംഖ്യ എത്രയാണ്?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly